## പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1067 07.02.2013-ൽ മറുപടിയ്ക്ക്

### ഷോപ്പിംഗ് ഫെസ്റ്റിവലിൽ സമ്മാനം നല്കാനായി വാങ്ങിയ കരകൗശല ഉല്പന്നങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. എ. ബേബി | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ ആറാം സീസണിൽ സമ്മാനങ്ങളായി കരകൗശല ഉല്പന്നങ്ങൾ നൽകുമെന്ന് ബഹു . ടൂറിസം വകുപ്പ് മന്ത്രി പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നുവോ ; | (എ) പ്രഖ്യാപിച്ചിരുന്നു. |
| (ബി) എങ്കിൽ ആറാം സീസണിൽ സമ്മാനം നൽകുന്നതിനായി ജി.കെ.എസ്. എഫ് . എത്ര തുകയുടെ കരകൗശല ഉല്പന്നങ്ങൾ വാങ്ങുകയുണ്ടായെന്നും അവ എവിടെ നിന്നെല്ലാമായിരുന്നുവെന്നും വിശദമാക്കാമോ ; | (ബി) ആറാം സീസണിൽ ആകെ 7386500/- രൂപയുടെ കരകൗശല ഉൽപ്പന്നങ്ങൾ ജി.കെ.എസ്.എഫ് വാങ്ങുകയുണ്ടായി. അവ ഹാന്റിക്രാഫ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരളാ ലിമിറ്റഡ് (കൈരളി), കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം വീവേഴ്സ് കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (ഹാന്റെക്സ്), കുടുംബശ്രീ, കേരള സ്റ്റേറ്റ് ഹാന്റിക്രാഫ്റ്റ്സ് അപ്പക്സ് കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (സുരഭി), കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ |

ലിമിറ്റഡ് (ഹാൻവീവ്) എന്നീ സ്ഥാപനങ്ങളിൽ നിന്നാണ് വാങ്ങിയത്.

(സി) ടൂറിസം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കരകൗശല ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ക്രാഫ്റ്റ് വില്ലേജിൽ ഉല്പാദിപ്പിച്ച എത്ര തുകയുടെ കരകൗശല ഉല്പന്നങ്ങൾ വാങ്ങുകയുണ്ടായി എന്നറിയിക്കുമോ ?

(സി) ക്രാഫ്റ്റ് വില്ലേജിൽ നിന്നും കരകൗശല ഉത്പന്നങ്ങൾ വാങ്ങിയിരുന്നില്ല. 150 രൂപയുടെ താഴെ വില വരുന്ന കരകൗശല ഉല്പന്നങ്ങൾ മാത്രമെ സമ്മാനമായി പരിഗണിച്ചിരുന്നുള്ളു. ക്രാഫ്റ്റ് വില്ലേജിൽ നിന്നും അത്തരത്തിലുള്ള ഉല്പന്നങ്ങളൊന്നും ലഭ്യമായിരുന്നില്ല.

സെക്ഷൻ ഓഫീസർ